**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/022/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: മെയ്-022- 2024**

| | | |
|---|---|---|
| പരാതിക്കാരൻ | : | സെക്രട്ടറി, ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്,<br>ചെറുന്നിയൂർ പി.ഓ., വർക്കല,<br>തിരുവനന്തപുരം ജില്ല- 695142. |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>കല്ലമ്പലം, തിരുവനന്തപുരം ജില്ല. |

## ഉത്തരവ്

### പരാതിയുടെ പശ്ചാത്തലം

തദ്ദേശസ്വയംഭരണ സ്ഥാപനമായ ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് അപ്പീൽ പരാതിക്കാരൻ. ആറ്റിങ്ങൽ ഇലക്ട്രിക് ഡിവിഷനു കീഴിൽ കല്ലമ്പലം ഇലക്ട്രിക് സബ് ഡിവിഷന്റെ പാലച്ചിറ ഇലക്ട്രിക് സെക്ഷൻ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകൾ പ്രകാശിപ്പിച്ചതിലുള്ള കുടിശിക അടയ്ക്കാതെ വന്നതാണ് പരാതിക്കാധരം. മീറ്ററില്ലാതെ തെരുവു വിളക്കുകൾ കത്തിക്കുന്ന സ്കീമിൽപ്പെടുത്തി 1984-ൽ പാലച്ചിറ സെക്ഷൻ നൽകിയിരുന്ന കണക്ഷനിൽ 6 മണിക്കൂർ പ്രവർത്തിപ്പിക്കാനാണ് തീരുമാനിച്ചിരുന്നത്. RAO നടത്തിയ ഓഡിറ്റ് പരിശോധനയിൽ ഈ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് 10/2002 മുതൽ 05/2006 വരെ 12 മണിക്കൂർ ആക്കി കണക്കാക്കുകയും അങ്ങനെ കുടിശിക 1,36,654/- രൂപയും കൂടാതെ 09/2006 മുതൽ 07/2008 വരെയുള്ള കുടിശ്ശിക 52,486/- രൂപയും ചേർത്ത് ആകെ 1,89,140/- രൂപയാക്കി കണക്കാക്കുകയും ചെയ്തു. കൂടാതെ ഇതിന്റെ പലിശയിനത്തിൽ (5/9/2006 & 21/10/2008 മുതൽ 30/03/2015 വരെ) 3,60,462/- രൂപയും കണക്കാക്കി പരാതിക്കാരനിൽ നിന്നും ഈടാക്കാൻ

നോട്ടീസ് നൽകി. കുടിശ്ശികയായ 1,89,140/- രൂപ 2015-ൽ തന്നെ അടച്ചെങ്കിലും പലിശ അടച്ചിരുന്നില്ല, പലിശ തുക അടച്ചില്ലെങ്കിൽ കണക്ഷൻ വിച്ഛേദിക്കുമെന്ന് ഭീഷണി വന്നപ്പോൾ പരാതിക്കാരൻ CGRF-നെ സമീപിച്ചിരുന്നു. CGRF-ന്റെ ഉത്തരവിന് അപ്പീൽ ആയിട്ടാണ് ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ പേരിൽ പാലച്ചിറ സെക്ഷൻ പരിധിയിലുള്ള കൺസ്യൂമർ നമ്പർ 1145343002111 പ്രകാരമുള്ള വൈദ്യുതി കണക്ഷൻ സർചാർജ്ജ് കുടിശ്ശികയായ 3,60,462/- രൂപ (മൂന്ന് ലക്ഷത്തി അറുപതിനായിരത്തി നാനൂറ്റി അറുപത്തി രണ്ട് രൂപ) കെ.എസ്.ഇ.ബി.എൽ ന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 05/12/2023 ന് മുമ്പായി കുടിശ്ശിക തീർപ്പാക്കാത്ത പക്ഷം, തെരുവ് വിളക്കുകൾക്ക് നൽകിയിരിക്കുന്ന വൈദ്യുതി ഇനി ഒരു അറിയിപ്പ് ഇല്ലാതെ വിച്ഛേദിക്കുന്നതാണെന്ന് കാണിച്ച് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സതേൺ റീജിയൻ, വൈദ്യുതി ഭവൻ കൊട്ടാരക്കരയിലുള്ള കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറത്തിൽ പരാതി നൽകിയിരുന്നതും ആയതിന്മേൽ CGRF ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി തീരുമാന പ്രകാരം ബഹു സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുമ്പാകെ ബോധിപ്പിക്കുന്ന അപ്പീൽ.

കെ.എസ്.ബി.ഇ പാലച്ചിറ ഓഫീസിൽ നടന്ന ഓഡിറ്റിൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബേർണിംഗ് സമയം കണക്കാക്കിയതിൽ കുറവ് കണ്ടെത്തുകയും ആയതിന് പരിഹാരമായി 1,89,140/- രൂപ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി പാലച്ചിറ ഓഫീസിൽ ഒടുക്കു വരുത്തണമെന്നും കാണിച്ച് 23/04/2014 ൽ ഈ ഓഫീസിൽ അറിയിപ്പ് ലഭിച്ചിരുന്നു. ആയത് പ്രകാരം പ്രസ്തുത തുക ഒടുക്കു വരുത്തുന്നതിന് ഭരണ സമിതി തീരുമാനം കൈകൊണ്ടിട്ടുള്ളതുമാണ്. എന്നാൽ സർചാർജ്ജ് ഒടുക്കിയ ശേഷം മാത്രമേ കുടിശ്ശിക തുക ഒടുക്കാൻ സാധിക്കുകയുള്ളു എന്ന് കാണിച്ച് കെ.എസ്.ഇ.ബി യിൽ നിന്നും കത്ത് ലഭിക്കുകയുണ്ടായി. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഒടുക്കു വരുത്തേണ്ടതായ തുകകൾ കാലാകാലങ്ങളിൽ ഡിമാന്റ് നോട്ടീസ് പ്രകാരം യാതൊരുവിധ കാലതാമസ്സവും കൂടാതെ യഥാസമയങ്ങളിൽ ഗ്രാമപഞ്ചായത്ത് ഒടുക്കു വരുത്തുന്നുണ്ട്. കെ.എസ്.ഇ.ബി-

യുടെ പാലച്ചിറ ഓഫീസിൽ നടന്ന ഓഡിറ്റിലാണ് ബേർണിംഗ് സമയം കാൽക്കുലേറ്റ് ചെയ്യതിൽ കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുള്ളത്. ആയതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരു വിധത്തിലുള്ള വീഴ്ചകളും സംഭവിച്ചിട്ടില്ലാത്തതും, വൈദ്യുത ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി തന്നെ ചാർജ്ജ് തുക ഒടുക്കു വരുത്തിയിരുന്ന ഗ്രാമപഞ്ചായത്തിന് സർചാർജ് തുക ഒടുക്കുവരുത്തേണ്ട ബാദ്ധ്യത ഇല്ലാത്തതുമാണ്.

പലിശ ഇളവിന് ഒറ്റത്തവണ തീർപ്പാക്കലിനായി ബോർഡ് നൽകുന്ന അവസരം പ്രയോജനപ്പെടുത്തണമെന്ന് കാണിച്ച് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് ഒഴിവാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടികാണിച്ച് മറുപടി കത്ത് അദാലത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നതാണ്. ആയതിന്മേൽ കെ.എസ്.ഇ.ബി പാലച്ചിറയിൽ നിന്നും ലഭിച്ച കത്തിൽ വൈദ്യുതി ചാർജ് 1,89,140/- രൂപ 15 ദിവസത്തിനകം ഒടുക്കു വരുത്തേണ്ടതാണെന്നും, പിഴപലിശ തുക 3,56,855/- രൂപ ബോർഡ് തീരുമാനം അറിയിക്കുന്ന മുറയ്ക്ക് പിന്നീട് ഒടുക്കു വരുത്തിയാൽ മതിയെന്നും നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 15/03/2015 ലെ കമ്മിറ്റി തീരുമാന പ്രകാരം 1,89,140/- രൂപ 31/03/2015 ന് കെ.എസ്.ഇ.ബി. യിൽ ഒടുക്കു വരുത്തുകയും ചെയ്യിട്ടുള്ളതാണ്. (DD.No.400307 dtd. 31/03/2015, Receipt No. 340150331102096 dtd. 31/03/2015)

2015 ൽ തുക ഒടുക്കു വരുത്തിയതിന് ശേഷം 29/10/2019 ൽ സർചാർജ് ഇനത്തിൽ 3,60,462/- രൂപ കുടിശ്ശിക ഉണ്ടെന്ന് കാണിച്ച് വീണ്ടും കത്ത് ലഭിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ സഹിതം കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് ഈ ഓഫീസിൽ നിന്നും കത്ത് നൽകിയിരുന്നു. കെ.എസ്.ഇ.ബി. യുടെ നിർദ്ദേശ പ്രകാരം 19/02/2020 ൽ നടന്ന അദാലത്തിൽ സെക്രട്ടറി നേരിട്ട് പങ്കെടുത്ത് കാര്യങ്ങൾ വിശദീകരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർചാർജ് തുക 1,20,154/- രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരത്തി ഒരുനൂറ്റി അമ്പത്തിനാല് രൂപ) ആയി അദാലത്തിലെ തീരുമാന പ്രകാരം കുറവ് ചെയ്യിട്ടുണ്ടെന്ന് കാണിച്ച് കെ.എസ്.ഇ.ബി യിൽ നിന്നും കത്ത് ലഭിച്ചിരുന്നു. അദാലത്തിലെ തീരുമാനം പുന: പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി ആറ്റിങ്ങൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുമായി നേരിൽ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക 92,475/- രൂപ (തൊണ്ണൂറ്റി രണ്ടായിരത്തി നാനൂറ്റി എഴുപത്തി അഞ്ച് രൂപ)

മാത്രം ഒടുക്കി വരുത്തിയാൽ മതിയെന്ന് കാണിച്ച് സൂചന (16) പ്രകാരം കത്ത് ലഭിച്ചിരുന്നതുമാണ്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റി വിഷയം ചർച്ച ചെയ്യുകയും ബിൽ തുക യഥാസമയങ്ങളിൽ ഒടുക്കു വരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരുവിധത്തിലുള്ള വീഴ്ചകളും ഉണ്ടായിട്ടില്ലായെന്ന് നിരീക്ഷിച്ച കമ്മിറ്റി കെ.എസ്.ഇ.ബി. ഓഡിറ്റിൽ കണ്ടെത്തി അറിയിച്ചതിനെ തുടർന്നുള്ള തുക ഒടുക്കു വരുത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതും ആകയാൽ സർചാർജ് തുക ഒടുക്കു വരുത്തുന്നതിന് ഭരണ സമിതി തീരുമാനമെടുക്കുന്നത് ഭാവിയിൽ ഭരണസമിതിയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ബാധ്യതയാകും എന്നതിനാലും ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി കണക്കിലെടുത്തും, പ്രസ്തുത സർചാർജ് ഒഴിവാക്കി നൽകുന്നതിനോ, സർക്കാരിനോട് തുക ഒടുക്കുന്നതിന് അനുമതി നൽകുന്നതിനോ ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കത്തുകൾ നൽകിയിട്ടുള്ളതുമാണ്. ആയതിന്മേൽ നാളിതുവരെ മറുപടികൾ ലഭ്യമായിട്ടില്ലാത്തതുമാണ്.

ഈ സാഹചര്യത്തിലാണ് 10/2002 മുതൽ 7/2008 വരെ തെരുവ് വിളക്കുകൾ കത്തിച്ചത് വഴിയുള്ള പലിശ ഇനത്തിൽ 3,60,462/- രൂപ 05/12/2023 ന് മുമ്പായി ഒടുക്കു വരുത്തണമെന്ന് കാണിച്ച് എന്നിവ വീണ്ടും കത്തുകൾ ലഭിച്ചിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് നൽകിയിരിക്കുന്ന വൈദ്യുതി മുന്നറിയിപ്പ് ഇല്ലാതെ വിച്ഛേദിക്കുന്നത് ജനങ്ങളുടെ ജീവിതം ദുഃസഹമാക്കുമെന്നതിൽ തർക്കമില്ലാത്തതാണ്. ആകയാൽ ഈ വിഷയത്തിൽ അങ്ങയുടെ അടിയന്തിര ശ്രദ്ധ പതിപ്പിച്ച് ജനങ്ങളുടെ,സ്വൈര്യ ജീവിതം ഉറപ്പു വരുത്തുന്നതിനും, ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയല്ലാത്ത സർചാർജ് തുക ഒടുക്കു വരുത്തുന്നതിൽ നിന്നും ഒഴിവാക്കി നൽകുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് സൂചന (21) പ്രകാരം ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ സൂചന (22) തീരുമാന പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്-സതേൺ റീജിയൻ, വൈദ്യുതി ഭവൻ കൊട്ടാരക്കരയിലുള്ള കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറത്തിൽ പരാതി നൽകിയിരുന്നതും ആയതിന്മേൽ സൂചന(23) പ്രകാരം CGRF ഉത്തരവ് ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവിൽ എതിർഭാഗത്തിന്റെ വാദമായി രേഖപ്പെടുത്തിയിട്ടുള്ളത് വൈദ്യുതചാർജ്ജ് ഇനത്തിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കുവരുത്തിയ 1,89,140/- രൂപ പലിശയിനത്തിലാണ് വരവ് വച്ചിട്ടുള്ളതെന്ന് കാണുന്നു. മാത്രവുമല്ല കേരള സ്റ്റേറ്റ്

ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ വിജ്ഞാപനപ്രകാരം 2014 ഏപ്രിൽ 1 മുതൽ കാലാവധിയിൽ നിലവിൽ വന്നിട്ടുള്ളതായ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ സെക്ഷൻ 134(1) പ്രകാരം 10/2002 മുതൽ 07/2008 വരെ തെരുവ് വിളക്കുകൾ കത്തിച്ച വകയിൽ ഒടുക്കുവരുത്തേണ്ടതായ തുകക്ക് പലിശ അടവാക്കാൻ ആവശ്യപ്പെടുന്നത് സാമാന്യയുക്തിക്കും, നീതിയ്ക്കും നിരക്കാത്തതാണെന്നും, ആയത് സെക്ഷൻ 134(1) ന്റെ ലംഘനമാണെന്നും ഗ്രാമ പഞ്ചായത്ത് ഭരണസമിതി വിലയിരുത്തുകയും ബഹു സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന് അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. ആയതുപ്രകാരം ബഹു സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ് സ്മാൻ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിലേക്ക് ആധാരമായ മുഴുവൻ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതവും, FORM-B ആപ്ലിക്കേഷൻ സഹിതവും പലിശ അടയ്ക്കുന്നതിൽ നിന്നും ഗ്രാമ പഞ്ചായത്തിനെ ഒഴിവാക്കുന്നതിനുള്ള അനുകൂല തീരുമാനത്തിനായി അപ്പീൽ സമർപ്പിക്കുന്നു. പലിശ ഒഴിവാക്കി നൽകുന്നതിൽ ബഹു ഓംബുഡ്സ്മാന് തീരുമാനം കൈക്കൊള്ളാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഈ വിഷയം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബഹു സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ഉത്തരവുണ്ടാകുന്നതുവരെ പലിശ അടക്കുന്നനതിൽ സ്റ്റേ അനുവദിക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

## എതിർക്കക്ഷിയുടെ വാദം

The Cheruniyoor Grama Panchayat, a local self-government (LSGD) entity, is the appellant in this case concerning street light connections with the Kerala State Electricity Board Ltd. (KSEB Ltd.) under the Electrical Section, Palachira, within the Electrical Division, Attingal, Thiruvananthapuram. This appeal pertains to the unmetered street light connection under the LT VIIIA tariff category with Consumer No.1145343002111. The service connection was effected on March 1, 1984, from Electrical Section, Palachira. The appellant has electricity arrears amounting to Rs. 3,60,462/- (Rupees Three lakhs Sixty thousand Four hundred and sixty two only). The said dues are the surcharge for the current charges amounting to Rs.1,89,140/-, which was remitted on 31.05.2015. The demand for Rs.1,89,140/- was raised based on the "RAO Audit Inspection Report", where a short assessment due to increased burning hours of this street light and certain omissions in street light billing were found. It is observed that it had been taken as 6 hours instead of the actual 12 hours. Hence, a short assessment was found for the period 10/2002 to 5/2006 amounting to Rs. 1,36,654/- and another for 9/2006 to 7/2008 amounting to Rs 52,486/-, totaling Rs 1,89,140/-. The said amounts were demanded on 21/08/2006 & 06/10/2008 respectively with due dates 5/9/2006 & 21/10/2008.
The total principal amount of Rs.1,89,140/- was remitted on 30-03-2015. Due to the delayed remittance of the outstanding amount, an interest amount of

Rs.3,60,462/- was incurred in the period from 05/09/2006 & 21/10/2008 to 30/03/2015. As on 30/03/2015, the total outstanding arrears had accumulated to Rs.5,49,602/-, comprised of the initial principal amount of Rs.189,140/- and accrued interest of Rs.3,60,462/-. On the basis of the appellant's request for remitting the surcharge portion, they have sought a clarification from the Government of Kerala and they may be allowed to remit the principal portion of arrears. On good faith, the appellant being a Local Self Government body was allowed sufficient time to remit the principal part of Rs.1,89,140/-. Regulation 133 of Kerala Electricity Supply Code 2014 enjoins the order of priority for the appropriation of payment made. Thus the amount of Rs.1,89,140/- paid by the appellant has to be actually adjusted in the interest part and thereby the remaining interest portion, (3,60,462-1,89,140) Rs 1,71,322/- and the principal amount of Rs. 1,89,140/-, total in Rs. 3,60,462/- remains unpaid. Being a local body and as requested, this procedure was not adopted to the appellant by KSEB Ltd.

The unpaid amount of Rs.3,60,462/- represents arrears accumulated up to March 30, 2015. The appellant is liable to pay interest on this amount until the date of payment, calculated at the prevailing surcharge rate. The dues of the appellant comes within the meaning of 'arrears of charges' under regulation 2 (11) of the Kerala Electricity Supply code 2014- "Any charge along with interest thereon, payable by the consumer to the licensee in terms of the agreement, need which is not paid by the consumer even after the due date." There was an inordinate delay in making the payment and settling the dues, for which the appellant is responsible and KSEB Ltd is legally entitled to have interest on such delayed payment. Regulation 131 of the Kerala Electricity Supply Code 2014 enjoins the licensee to recover interest on the delayed payment at the rates applicable from time to time. Interest on delayed payment forms part of the agreement to pay for the use of electricity connection. The appellant has never raised any dispute on the principal amount and their only plea is to waive the interest thereon.

Any deprivation of the payment of money to which one is legally entitled has a right to be compensated and in simple terms, it is nothing but interest or belated surcharge. The plea for waiver of interest is unfair, unreasonable and bad in law. The appellant was made known continuously of the "Arrears of charges" through several correspondences made from time to time, a fact which is acknowledged by the appellant himself in their appeal, vide references cited therein.

The appellant demonstrates a lack of commitment to settling "The arrears of charges" in KSEB Ltd. They have proved it from their indifferent behaviour. The appellant paid part of the arrears of charges only after many letters of request from KSEB Ltd. The demands of 08/2006 and 10/2008 were paid after a long delay of 9 and 7 years, on 30-03-2015. The appellant applied to KSEB Ltd. for a new service connection for public lighting and was promptly issued a notice to settle existing arrears. In response, the appellant sent a letter on December 12, 2019, requesting a waiver of the surcharge due to insufficient funds to settle the existing arrears Rs.3,60,462/-. The appellant had admitted under para 3 and 4 of the appeal, that under the decision of the Adalath dated 19/02/2020, the amount of interest was reduced to Rs.1,20,154/- and finally after having discussions with Executive Engineer, Attingal, the interest was further reduced to Rs.92,475/-. Even then the petitioner did not choose to clear the legitimate dues to KSEB Ltd. The appellant

was simply evading the golden opportunities to settle the dues. In response to arrear notices and potential further action by the KSEB Ltd, the - appellant submitted a letter dated September 15, 2020. The letter to acknowledged the potential liability for surcharges but conditioned its acceptance on accountability being placed on the secretary and responsible officials. Additionally, the appellant was simply evading the golden opportunities to settle the dues. The appellant totally relied upon the govt and urged it to expedite a decision on the surcharge payment, emphasizing that their subsequent course of action would be contingent upon the government's directive. It is important to note that KSEB Ltd. has not received any further communication from the appellant since the aforementioned letter. Following the January 18, 2023 intimation, to the appellant regarding potential revenue recovery action initiation due to outstanding arrears, the appellant submitted a copy of a letter dated January 23, 2023, addressed to the Additional Chief Secretary, Local Self Government Department (LSGD), from the President of Cheruniyoor Grama Panchayat. In the letter, the Panchayat acknowledges the existence of the arrears. No further resolution proposals have been received from the appellant.

KSEB Ltd offered a one-time settlement program, "OTS-2023," to address long-standing arrears. The appellant was informed of this program and presented with the opportunity to resolve their outstanding balance through OTS-2023, subject to approval by a designated high-level committee. Unfortunately, they did not avail themselves of this advantageous option. The appellant approached the Hon'ble Consumer Grievance Redressal Forum, not in good faith, but only with an intentional misrepresentation of evidence regarding arrear charges. This misrepresentation ultimately led to the dismissal of their complaint by the Hon'ble CGRF. The Honorable Consumer Grievance Redressal Forum, Southern Region, Kottarakkara, after due consideration, ordered in the OP No.87/2023 on 18th March 2024: "The petitioner is liable to remit the surcharge arrear amount of Rs.3,60,462/-". This appeal focuses solely on the potential future financial burden faced by the current employees of the Gram Panchayath. It does not address the inordinate delay in the proper payment of the street light short assessment bill, nor does it explore the associated surcharge liabilities or potential legal avenues to mitigate these issues. Respectfully submitted, that the Appellant has failed to provide any cogent explanation for non-payment of the outstanding surcharge dues. This omission significantly undermines the validity of the Appellant's arguments. And in the light of the above facts and circumstances, it is humbly prayed that the Hon'ble Ombudsman may be pleased to dismiss the appeal petition.

## പരാതിക്കാരന്റെ എതിർവാദം

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ പേരിൽ പാലച്ചിറ സെക്ഷൻ പരിധിയിലുള്ള കൺസ്യൂമർ നമ്പർ 1145343002111 പ്രകാരമുള്ള വൈദ്യുതി കണക്ഷൻ സർചാർജ്ജ് കുടിശ്ശികയായ 3,60,462/- രൂപ (മൂന്ന് ലക്ഷത്തി അറുപതിനായിരത്തി നാനൂറ്റി അറുപത്തി രണ്ട് രൂപ) കെ.എസ്.ഇ.ബി.എൽ ന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 05/12/2023 ന് മുമ്പായി കുടിശ്ശിക തീർപ്പാക്കാത്ത പക്ഷം, തെരുവ് വിളക്കുകൾക്ക് നൽകിയിരിക്കുന്ന

വൈദ്യുതി ഇനി ഒരു അറിയിപ്പ് ഇല്ലാതെ വിച്ഛേദിക്കുന്നതാണെന്ന് കാണിച്ച് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയം വിശദമായി ചർച്ച ചെയ്തു കമ്മിറ്റിയുടെ തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ബാധ്യതയല്ലാത്ത സർചാർജ്ജ് തുക ഒടുക്കുവരുത്തുന്നതിൽ നിന്നും ഒഴിവാക്കി നൽകുന്നതിലേക്ക് കെ.എസ്.ഇ.ബി കൺസ്യൂമർ ഗ്രീവൻസ് റിഡ്രസൽ ഫോറം (CGRF), കൊട്ടാരക്കരയിൽ പരാതി നൽകിയിരുന്നതും ആയതിന്മേൽ പ്രസ്തുത ഫോറത്തിൽ നിന്നും ലഭ്യമായ OP No.87/2023 dtd 18/03/2024 ഉത്തരവ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും ബഹു. സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന് അപ്പിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ സമർപ്പിച്ചിരുന്നതുമാണ്.

കെ.എസ്.ബി.ഇ പാലച്ചിറ ഓഫീസിൽ നടന്ന ഓഡിറ്റിൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബേർണിംഗ് സമയം KSEB കണക്കാക്കിയതിൽ കുറവ് കണ്ടെത്തുകയും ആയതിന് പരിഹാരമായി 1,89,140 രൂപ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി പാലച്ചിറ ഓഫീസിൽ ഒടുക്കു വരുത്തണമെന്നും കാണിച്ച് 23/04/2014 ൽ ഈ ഓഫീസിൽ അറിയിപ്പ് ലഭിച്ചിരുന്നു. ആയത് പ്രകാരം പ്രസ്തുത സമിതി തീരുമാനം വരുത്തുന്നതിന് ഭരണ കൈകൊണ്ടിട്ടുള്ളതുമാണ്. എന്നാൽ സർചാർജ്ജ് ഒടുക്കിയ ശേഷം മാത്രമേ കുടിശ്ശിക തുക ഒടുക്കാൻ സാധിക്കുകയുള്ളു എന്ന് കാണിച്ച് കെ.എസ്.ഇ.ബി ലഭിക്കുകയുണ്ടായി. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഒടുക്കു വരുത്തേണ്ടതായ തുകകൾ കാലാകാലങ്ങളിൽ ഡിമാന്റ് നോട്ടീസ് പ്രകാരം യാതൊരുവിധ കാലതാമസ്സവും കൂടാതെ യഥാസമയങ്ങളിൽ ഗ്രാമപഞ്ചായത്ത് ഒടുക്കു വരുത്തുന്നുണ്ട്. കെ.എസ്.ഇ.ബി യുടെ പാലച്ചിറ ഓഫീസിൽ നടന്ന ഓഡിറ്റിലാണ് ബേർണിംഗ് സമയം കാൽക്കുലേറ്റ് ചെയ്തതിൽ കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുള്ളത്. ആയതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരു വിധത്തിലുള്ള വീഴ്ചകളും സംഭവിച്ചിട്ടില്ലാത്തതും, വൈദ്യുത ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി തന്നെ ചാർജ്ജ് തുക ഒടുക്കു വരുത്തിയിരുന്ന ഗ്രാമപഞ്ചായത്തിന് സർചാർജ് തുക ഒടുക്കുവരുത്തേണ്ട ബാദ്ധ്യത ഇല്ലാത്തതുമാണ്.

ഈ വിഷയം സംബന്ധിച്ച് ബഹു ഓംബുഡ്സ്മാൻ നൽകിയ നിർദ്ദേശത്തെ തുടർന്ന് ഓഫീസിൽ ലഭ്യമായ രേഖകളും രജിസ്റ്ററുകളും വിശദമായി പരിശോധിക്കുകയുണ്ടായി .ആയതിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പാലച്ചിറ യുടെ 23/04/2014 ലെ നമ്പർ:

ബി.ബി/1415/എസ്.എൽ/08 നമ്പരായി ഈ ഓഫീസിൽ ലഭിച്ച കത്താണ് ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്തിൽ ആദ്യമായി ലഭിച്ചിട്ടുള്ളതെന്ന് കാണുന്നു. ആയതിനു മുമ്പായി 189,140/- രൂപയ്ക്കുള്ള ആഡിറ്റ് ബിൽ അടവാക്കണമെന്നുള്ള യാതൊരുവിധ അറിയിപ്പുകളും ഈ ഓഫീസിൽ രേഖാമൂലം ലഭിച്ചിട്ടില്ലാത്തതാണ്. ടി കത്തിലെ സൂചനകൾ പരിശോധിച്ചതിൽ കുടിശ്ശിക തുക ഒടുക്കുവരുത്തുന്നതിന് ഡിമാന്റ് നോട്ടീസ് മുൻകാലങ്ങളിൽ നൽകിയതായി സൂചിപ്പിച്ചിട്ടുമില്ല. ടി കത്ത് ലഭിച്ച ശേഷം പിഴപലിശ ഒഴിവാക്കി 189,140/- രൂപ ഒടുക്കുവരുത്തുന്നതിന് അറിയിപ്പ് ലഭിച്ച് 2015 മാർച്ച് മാസം തന്നെ ടി തുക ഒടുക്കുവരുത്തിയിട്ടുള്ളതുമാണ്(31/03/2015). പ്രസ്തുത തീയതിക്ക് ശേഷം ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള മുഴുവൻ നടപടി വിവരങ്ങളും ബഹു ഓംബുഡ്സ്മാന് നൽകിയ അപ്പീൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളതാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 31.01.2014 ലെ No.25/DD/T&D(Rev)2014/KSERC നമ്പർ വിജ്ഞാപനപ്രകാരം 01.04.2014 മുതൽ പ്രാബല്ല്യത്തിൽ വന്ന കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്-2014 നിവലിൽ വന്നതിനുശേഷം മാത്രമാണ് KSEB ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് കാണുന്നു. ആകയാൽ ഡിമാന്റ് നോട്ടീസ് നൽകാതെ 10/2002 മുതൽ 7/2008 വരെ തെരുവുവിളക്കുകൾ കത്തിച്ചത് വഴിയുള്ള പിഴ പലിശ 3,60,462/- രൂപ ഗ്രാമ പഞ്ചായത്ത് അടവാക്കണമെന്നുള്ള KSEB യുടെ വാദം നീതിക്ക് നിരക്കാത്തതും, ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക ബാധ്യത വരുത്തുന്നതുമാണ്. ആകയാൽ പ്രസ്തുത തുക ഒടുക്കുവരുത്തുന്നതിൽ നിന്നും ഗ്രാമ പഞ്ചായത്തിനെ ഒഴിവാക്കണമെന്ന് ബഹു ഓംബുഡ്സ്മാൻ മുമ്പാകെ വിനീതമായി അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 15/05/2024-ന് രാവിലെ 03:30-ന് KSEBL, പരുത്തിപ്പാറ, തിരുവനന്തപുരം, IB-യിൽവെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. ആരിഫുദീൻ എ. എതിർ കക്ഷിയായ ശ്രീ. സജു എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കല്ലമ്പലം എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു.

തദ്ദേശസ്വയംഭരണ സ്ഥാപനമായ ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് വേണ്ടി ലൈസൻസിയിൽ നിന്നും വൈദ്യുത കണക്ഷൻ എടുത്തിട്ടുണ്ട്. പാലച്ചിറ ഇലക്ട്രിക് സെക്ഷനിൽ പെടുന്ന

പഞ്ചായത്തിന്റെ ചില വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുത ചാർജ്  ഈടാക്കുന്നതിനെക്കുറിച്ച് ഓഡിറ്റ് നടത്തിയപ്പോൾ ചില അപാകതകൾ കണ്ടെത്തി. ഈ ഓഡിറ്റിംഗ് നടന്നത് എന്നാണെന്ന് വ്യക്തമല്ല. എതിർകക്ഷിയുടെ സത്യപ്രസ്താവനയിൽ ഒരിടത്തും ഓഡിറ്റിംഗ് എന്ന് നടന്നു എന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ ഈ പറയുന്ന ഓഡിറ്റിംഗ് പരാതിക്കാരന്റെ അറിവോടെയല്ല നടത്തിയിട്ടുള്ളത് എന്നു മാത്രമല്ല ഇതിനൊരു സൈറ്റ് മഹസ്സർ തയ്യാറാക്കി പരാതിക്കാരന്റെയൊ പ്രതിനിധിയുടെയോ കയ്യൊപ്പും വാങ്ങിയിട്ടില്ല. ഈ പറയുന്ന പരിശോധന 2006ലോ 2008ലോ ആയിരിക്കണം നടന്നത് എന്നുവേണം അനുമാനിക്കാൻ. 2006ലും 2008ലും പഞ്ചായത്തിലേക്ക് ഡിമാൻഡ് നോട്ടീസ് അയച്ചു എന്നു  പറയുന്നുണ്ടെങ്കിലും അത് കൈപ്പറ്റിയതായിട്ടുള്ള തെളിവൊന്നും ഹാജരാക്കിയിട്ടില്ല. ഡ്യൂപ്ലിക്കേറ്റ് എന്ന് കാണിച്ചിട്ടുള്ള രണ്ട് ബില്ലുകളുടെ കോപ്പി ഒരേ കയ്യക്ഷരത്തിൽ ഉണ്ടാക്കി പണമടയ്ക്കാനുള്ള തീയതി 5/09/2006 എന്നും 21/10/2008 എന്ന് സൂചിപ്പിച്ചതാണ് ഇതോടൊപ്പം ഹാജരാക്കിയത്. ഇത് യഥാക്രമം 2006ലും 2008ലും ഗ്രാമപഞ്ചായത്തിന് നൽകി എന്നതിന് തെളിവൊന്നും കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ കത്തിൽ 2014ൽ മാത്രമാണ് പണമടയ്ക്കാനുണ്ട്  എന്ന് കാണിച്ചുകൊണ്ടുള്ള ആദ്യ കത്ത് ലഭിക്കുന്നത് എന്നാണ്. ഇതിൽ നിന്നും ലൈസൻസി കുടിശ്ശിക യഥാസമയം പരാതിക്കാരനെ അറിയിച്ചിട്ടില്ല എന്നു വ്യക്തമാക്കുന്നു. കൂടാതെ 2014 വരെ മറ്റു അറിയിപ്പുകളോ നോട്ടീസോ  ഒന്നും നൽകിയതായിട്ടുള്ള രേഖകളും ലൈസൻസി ഹാജരാക്കിയിട്ടില്ല. അതായത് ഏകദേശം 6 വർഷത്തോളം ഇതിനെക്കുറിച്ച് ഒരു തുടർനടപടികളും നടന്നതായി  കാണുന്നില്ല. 23/04/2014-ൽ കൊടുത്തിട്ടുള്ള കത്തിലും ലൈസൻസി മുൻപ് നൽകിയ ബില്ലിന്റെ കാര്യങ്ങൾ സൂചിപ്പിച്ചിട്ടില്ല. പഞ്ചായത്തിൽ നിന്നും പരിശോധന റിപ്പോർട്ടിന്റെ കോപ്പിയും, ഡിമാൻഡ് ലെറ്ററിന്റെ പകർപ്പും ആവശ്യപ്പെട്ടെങ്കിലും അതും നൽകിയതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് ബിൽ തുകയായ 1,89,140/- രൂപ 30/03/2015-ൽ അടച്ചതായി കാണുന്നു. 05/09/2006 ഉം 21/10/2008 ഉം മുതൽ 30/03/2015 വരെയുള്ള പലിശയായ 3,60,462/- രൂപയാണ് ഇനി അടയ്ക്കണമെന്ന് ലൈസൻസി ആവശ്യപ്പെടുന്നത്.

ഇവിടെ ലൈസൻസി നടത്തിയിട്ടുള്ള പരിശോധന സുതാര്യമാണെന്ന് കരുതാൻ കഴിയില്ല. കാരണങ്ങൾ;

1. ഈ പരിശോധന കക്ഷിയുടെ സാന്നിധ്യത്തിൽ നടത്തുകയോ അവരെ ബോധ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. മഹസ്സറോ റിപ്പോർട്ടോ  ഉണ്ടാക്കിയതായി കാണുന്നില്ല.

3. ഈ റിപ്പോർട്ടിന്റെ പകർപ്പ് ഉപഭോക്താവിന് നൽകിയതായും കാണുന്നില്ല. കൂടാതെ കുടിശ്ശിക അടയ്ക്കാനുള്ള കാര്യം യഥാസമയം ഉപഭോക്താവിനെ അറിയിച്ചിട്ടില്ല, എന്നുമാത്രവുമല്ല ഏകദേശം ആറു വർഷത്തോളം ഒരു തുടർനടപടികളും ഉണ്ടായിട്ടില്ല.

വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 56(2) ഇവിടെ വളരെ പ്രസക്തമാകുന്നു.

56(2) *"Notwithstanding anything contained in any other law for the time being in force, no sum due from any consumer, under this section shall be recoverable after the period of two years from the date when such sum became first due unless such sum has been shown continuously as recoverable as arrear of charges for electricity supplied and the licensee shall not cut off the supply of the electricity."*

ഇവിടെ കുടിശ്ശിക ഉണ്ടെന്നുള്ള കാര്യം 2008-ൽ കണ്ടെത്തി എന്നവകാശപ്പെടുമ്പോഴും പിന്നെയുള്ള ആറു വർഷം ഇതിനെ കുറിച്ചുള്ള ഒരു അറിയിപ്പോ, നോട്ടീസോ നൽകിയിട്ടില്ലാത്തതിനാൽ തന്നെ 56(2) പ്രകാരം കുടിശ്ശിക പിരിക്കാവുന്നതല്ല.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2018ലെ റെഗുലേഷൻ 136-ൽ കുടിശ്ശിക ഈടാക്കുന്നതിനെക്കുറിച്ചും അതിന്റെ കാലപരിധിയെക്കുറിച്ചും വിശദീകരിക്കുന്നു.

136(1) *"The licensee shall be entitled to recover arrears of charges or any other amount due from the consumer along with interest at the rates applicable for belated payments from the date on which such payments became due".*

136(2) *"The licensee may prefer a claim for such arrears by issuance of a demand notice and the consumer shall remit the arrear amount within the due date indicated in the demand notice".*

136(3) *"No such sum due from any customer, on account of default in payment shall be recoverable after a period of two years from the date when such sum became first due unless such sum has been shown continuously as recoverable arrear of charges for electricity supplied".*

ഈ പരാതിയിൽ കുടിശ്ശികത്തുക first due ആയത് 2008-ലാണെന്നുകാണാം. എന്നാൽ ഡിമാൻഡ് നോട്ടീസ് നൽകിയത് 2014-ൽ മാത്രമാണ്. യഥാസമയം ബിൽ നൽകിയില്ല എന്നു വ്യക്തമായിരുന്നു. മാത്രവുമല്ല ഈ കുടിശ്ശിക തുടർച്ചയായി ബില്ലിൽ കാണിച്ചതായും കാണുന്നില്ല. 6 വർഷത്തിനുശേഷം മാത്രമാണ് ഇതിനെക്കുറിച്ച് ഉപഭോക്താവിനോട് ആവശ്യപ്പെടുന്നത് എന്നതിനാൽ തന്നെ ഇത് കാലഹരണപ്പെട്ടതായി കണക്കാക്കാം.

## <u>തീരുമാനം</u>

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷികളുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. അപ്പീൽ പരാതിക്കാരൻ ലൈസൻസി ആവശ്യപ്പെടുന്ന പലിശ തുകയായ Rs. 3,60462/- രൂപ അടയ്ക്കാൻ ബാധ്യസ്ഥൻ അല്ല എന്നു തീരുമാനിക്കുന്നു.

2. ലൈസൻസിയുടെ പലിശത്തുകയ്ക്കുള്ള ഡിമാൻഡ് നോട്ടീസ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

3. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

<u>P/022/2024/ തീയതി: 22/05/2024.</u>

**<u>അയക്കുന്നത്:</u>**

1. സെക്രട്ടറി, ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്, ചെറുന്നിയൂർ പി.ഓ., വർക്കല, തിരുവനന്തപുരം ജില്ല- 695142.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കല്ലമ്പലം, തിരുവനന്തപുരം ജില്ല.

**<u>പകർപ്പ് സമർപ്പിക്കുന്നത്:</u>**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.

3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര- 691 506.